പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4104 25.06.2014-ൽ മറുപടിക്ക്

## ജലകേരളം - 2014 ദേശീയ സെമിനാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് "ജലകേരളം 2014" ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ ഉണ്ട്. 25.02.2014 ൽ കൊച്ചിയിൽ വച്ച് ഒരു ദിവസത്തെ സെമിനാർ നടത്തിയിട്ടുണ്ട്. |
| ബി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സെമിനാറിൽ ചർച്ച ചെയ്തത് ;വിശദാംശങ്ങൾ അറിയിക്കുമോ; | ബി കേന്ദ്ര സർക്കാരിന്റെ ലോകജലദിന ത്തോടനുബന്ധിച്ച് "വാട്ടർ അവയർനസ് വീക്ക്" ആചരിക്കണമെന്ന നിർ ദ്ദേശ ത്തോടനുബന്ധിച്ചാണ് സംസ്ഥാന തലത്തിൽ പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്. കുടിവെള്ള സംരക്ഷണം, പരിപാലനം, ഗുണ നിലവാരം മുതലായവ സംബന്ധിച്ച് കുടിവെള്ള മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലുള്ള ആധുനിക സംവിധാനങ്ങളെക്കുറിച്ചും ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഈ സെമി നാറിൽ വിശദമായി ചർച്ച ചെയ്തു.<br>ഈ സെമിനാറിനോടനുബന്ധിച്ച് താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് അതാത് മേഖലകളിലെ വിദഗ്ധർ വിശദമായ ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | | | എടുക്കുകയുണ്ടായി .<br>1. കുടിവെള്ള സ്രോതസ്സുകളുടെ പരിപോഷണം.<br>2. കുടിവെള്ള സംരക്ഷണവും ഉപയോഗവും<br>3. മഴവെള്ള സംരക്ഷണം.<br>4. കുടിവെള്ളത്തിലെ ഫ്ലൂറൈഡ് മാലിന്യവും അതിന്റെ പ്രത്യാഘാതവും പരിഹാരവും<br>5. കുടിവെള്ളത്തിലെ സൂക്ഷ്മ മാലിന്യങ്ങൾ - പുതിയ വെല്ലുവിളികളും പരിഹാരവും<br>6. കേരളത്തിലെ ജലഗുണനിലവാര മാനേജ് മെന്റ്<br>7.ഇന്ത്യൻ നഗരങ്ങളിൽ 24 x 7 ജലവിതരണം. |
| സി | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സെമിനാറിൽ പങ്കെടുത്തത്; വിശദമാക്കുമോ ; | സി | കേരള ജല അതോറിറ്റി സംഘടിപ്പിച്ച സെമിനാറിൽ കേരള സർക്കാർ വകുപ്പുകളായ ജലസേചന വകുപ്പ്, ഭൂജല വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ് മെന്റ് ആന്റ് മാനേജ് മെന്റ് (സി.ഡബ്ല്യൂ.ആർ.ഡി.എം.), കേന്ദ്ര ഭൂജല വകുപ്പ് പ്രിതിനിധികൾ, കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ് മെന്റ് യൂണിറ്റ് (വാട്ടർ), കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ് മെന്റ് യൂണിറ്റ് (സാനിട്ടേഷൻ) മുതലായവയിൽ നിന്നുള്ള പ്രതിനിധികൾ ഇതുമായി സഹകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ദേശീയതലത്തിൽ ശ്രദ്ധേയമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ബാഗ്ലൂർ), ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (മുംബൈ) നാഷണൽ സെന്റർ ഫോർ കൺ ട്രോൾ ഓഫ് ഫ്ലൂറോസിസ് (ജബൽപ്പൂർ) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരും സെമിനാറിൽ പങ്കെടുത്തിരുന്നു |
| ഡി | ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി | ജലസംരക്ഷണത്തിന്റെയും ജലഗുണ നിലവാരത്തിന്റെയും പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ സർക്കാർ ഏജൻസികളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മറ്റ് സംഘടനകളും മുഖേന |

സ്വീകരിക്കേണ്ട നടപടികളുടെ ആവശ്യകത ഈ സെമിനാർ അംഗീകരിക്കുകയുണ്ടായി. നിലവിൽ കേരള ജല അതോറിറ്റി കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ് (വാട്ടർ), കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ് (സാനിട്ടേഷൻ) എന്നിവ സർക്കാർ തലത്തിൽ ഇതുമായി ബന്ധപ്പെട്ട ബോധവല്ക്കരണ പരിശീലന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സർക്കാരിന്റെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ് മെന്റ് യൂണിറ്റ് (വാട്ടർ), കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ് മെന്റ് യൂണിറ്റ് (സാനിട്ടേഷൻ) എന്നീ സ്ഥാപനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുതലായവ വഴി ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ